# പ്രധാന

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടു ദിവസത്തെ ഗുജറാത്ത് സന്ദർശനം നാളെ മുതൽ; 5400 കോടി രൂപയുടെ പദ്ധതികൾക്ക് തുടക്കം കുറിക്കും.
   **PM Narendra Modi on two-day visit to Gujarat from August 25: PM to inaugurate multiple development projects worth Five thousand 400 crores rupees.**
2. ഗഗൻയാൻ ദൗത്യത്തിന്റെ ഭാഗമായി ഐഎസ്ആർഒ നടത്തിയ ആദ്യ എയർ ഡ്രോപ് പരീക്ഷണം വിജയം.
   **ISRO successfully conducts first Integrated Air Drop Test for Gaganyaan.**
3. ജനങ്ങളുടെ ശബ്ദം പ്രതിഫലിപ്പിക്കാൻ നിയമനിർമാണ സഭകൾക്ക് കഴിയണമെന്ന് കേന്ദ്രമന്ത്രി അമിത് ഷാ.
   **HM Amit Shah says the House should provide an unbiased platform to raise the issues of the people of our country.**

4. കേരളത്തിൽ സപ്ലൈകോ ഓണച്ചന്തകൾക്ക് നാളെ തുടക്കം. മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം നിർവഹിക്കും.
   **Supplyco Onam fairs will begin tomorrow in Kerala. Chief Minister Pinarayi Vijayan will inaugurate the event in Thiruvananthapuram.**
5. യുഎസ് ഓപ്പൺ ടെന്നീസിന്റെ 145-ാം പതിപ്പ് ഇന്നു മുതൽ.
   **The 145th edition of the US Open Tennis begins today.**
6. കസാഖിസ്ഥാനിൽ നടക്കുന്ന ഏഷ്യൻ ഷൂട്ടിങ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ഐശ്വര്യ് പ്രതാപ് സിങ് തോമറിന് സ്വർണം.
   **Aishwary Pratap Singh Tomar wins gold in 50m rifle 3-position at Asian Shooting Championship.**

**&&&&&&&&&&&&&&&&&&**

## PM - GUJARAT

രണ്ടു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നാളെ ഗുജറാത്തിലെത്തും. വിവിധ മേഖലകളിലായി 5400 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. ചൊവ്വാഴ്ച ഹൻസൽപുരിൽ നടക്കുന്ന പരിപാടിയിൽ 100 രാജ്യങ്ങളിലേക്കുള്ള ഇലക്ട്രിക് വാഹന കയറ്റുമതി ശ്രീ മോദി ഉദ്ഘാടനം ചെയ്യും. ഹരിതോർജ്ജ മേഖലയിൽ സ്വയംപര്യാപ്തമാകുന്നതിനുള്ള നിർണായക നടപടിയിൽ ലിഥിയം-അയൺ ഹൈബ്രിഡ്ബാറ്ററി

ഇലക്ട്രോഡുകളുടെ പ്രാദേശിക ഉൽപ്പാദനപദ്ധതിക്കും പ്രധാനമന്ത്രി തുടക്കം കുറിയ്ക്കും.

**&&&&&&&&&&&&&&&&&**

## ISRO-TEST (INTRO)

മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കാനുള്ള ഇന്ത്യയുടെ ഗഗൻയാൻ ദൗത്യത്തിന്റെ ഭാഗമായി, ISRO ഇന്ന് നിർണായക പാരച്യൂട്ട് പരീക്ഷണം നടത്തി. ബഹിരാകാശ യാത്രികരെ തിരികെ സുരക്ഷിതമായി ഭൂമിയിൽ എത്തിക്കുന്ന ഇന്റഗ്രേറ്റഡ് എയർ ഡ്രോപ്പ് പരീക്ഷണമാണ് വിജയകരമായി നടത്തിയത്.

വിശദാംശങ്ങളിലേക്ക്.....

**(വോയ്സ്)**

**&&&&&&&&&&&&&&&&&**

## GAGANYATRI- FELICITATION (INTRO)

ബഹിരാകാശ യാത്രയ്ക്കായി തിരഞ്ഞെടുത്ത നാല് ഇന്ത്യൻ ഗഗൻയാത്രികരെ രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിംഗിന്റെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ ആദരിച്ചു. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള യാത്ര വിജയകരമായി പൂർത്തിയാക്കിയ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലക്ക് പുറമെ, വ്യോമസേനാ ടെസ്റ്റ് പൈലറ്റുമാരായ പ്രശാന്ത് ബാലകൃഷ്ണൻ നായർ, അജിത്ത് കൃഷ്ണൻ, അംഗദ് പ്രതാപ് എന്നിവരെയാണ് ആദരിച്ചത്. മനുഷ്യ

ബഹിരാകാശ ദൗത്യമായ ഗഗൻയാന് രാജ്യം സജ്ജമാണെന്ന് ശ്രീ. രാജ് നാഥ് സിങ് പറഞ്ഞു. **(വോയ്സ്)**

**&&&&&&&&&&&&&&&&&**

## FIJI PM

ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബൂക്ക മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി. സ്ഥാനമേറ്റ ശേഷം റബൂക്കയുടെ ആദ്യ ഇന്ത്യൻ സന്ദർശനമാണിത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി അദ്ദേഹം നാളെ കൂടിക്കാഴ്ച നടത്തും. രാഷ്ട്രപതി ദ്രൗപദി മുർമുവിനേയും അദ്ദേഹം സന്ദർശിക്കും.

**&&&&&&&&&&&&&&&&&**

## VP - ELECTION

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ നാമനിർദേശപ്പത്രിക പിൻവലിക്കാനുള്ള അവസാന തീയതി നാളെ. മഹാരാഷ്ട്ര ഗവർണർ സി.പി.രാധാകൃഷ്ണൻ എൻ ഡി എ സ്ഥാനാർത്ഥിയായും, മുൻ സുപ്രീം കോടതി ജഡ്ജി ബി സുദർശൻ റെഡ്ഡി I.N.D.I.A സ്ഥാനാർത്ഥിയായും മത്സരിക്കും. അടുത്ത മാസം 9 നാണ് വോട്ടെടുപ്പും വോട്ടെണ്ണലും.

**&&&&&&&&&&&&&&&&&**

## BIHAR-EC

ബിഹാർ വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി 98 ശതമാനം വോട്ടർമാരുടെ വിശദാംശങ്ങളും ലഭിച്ചതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഇത് സംബന്ധിച്ച പരാതികൾ

സമർപ്പിക്കുന്നതിനായി 8 ദിവസം കൂടി അനുവദിച്ചിട്ടുണ്ടെന്നും കമ്മിഷൻ പ്രസ്താവനയിൽ വ്യക്തമാക്കി.

**&&&&&&&&&&&&&&&&&**

## PENTAGON CHIEF FIRED

പ്രതിരോധ രഹസ്യാന്വേഷണ ഏജൻസി മേധാവി ലെഫ്റ്റനന്റ് ജനറൽ ജെഫറിയെ പുറത്താക്കി അമേരിക്കൻ പ്രതിരോധ സെക്രട്ടറി പീറ്റ് ഹേഗ്സേഥ്. ഇറാനുമേലുള്ള അമേരിക്കൻ ആക്രമണം വൈറ്റ് ഹൗസ് അവലോകനം ചെയ്തതിനു പിന്നാലെയാണ് നടപടി. പദവിയിൽനിന്ന് നീക്കം ചെയ്തതിന്റെ ഔദ്യോഗിക വിശദീകരണം പുറത്തുവിട്ടിട്ടില്ല.

**&&&&&&&&&&&&&&&&&**

## MAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 31-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും ഈ മാസം 29 വരെ പങ്കുവയ്ക്കാം. 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി മൊബൈൽ ആപ്ലിക്കേഷൻ, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ആശയങ്ങൾ നൽകാം.

**&&&&&&&&&&&&&&&&&**

## AMIT SHAH (INTRO)

ജനങ്ങളുടെ ശബ്ദം പ്രതിഫലിപ്പിക്കാൻ നിയമനിർമാണ സഭകൾക്ക് കഴിയണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഭരണഘടനയുടെ അന്തസത്ത കാത്ത് സൂക്ഷിക്കാൻ സഭാ സ്പീക്കർമാർ ശ്രമിക്കുന്നതിൽ അഭിമാനമുണ്ടെന്നും ആഭ്യന്തരമന്ത്രി വ്യക്തമാക്കി. സെൻട്രൽ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ ആദ്യ സ്പീക്കറായി വിത്തൽഭായ് പട്ടേൽ സ്ഥാനമേറ്റതിന്റെ ശതാബ്ദി ആഘോഷത്തോട് അനുബന്ധിച്ച് ഡൽഹി നിയമസഭയിൽ സംഘടിപ്പിച്ച ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. **(വോയിസ്)**

**&&&&&&&&&&&&&&&&&**

## TVM SUPPLYCO

സപ്ലൈകോ ഓണം ഫെയർ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. നാളെ വൈകിട്ട് നാലിന് തിരുവനന്തപുരം കിഴക്കേകോട്ടയിലെ ഇ.കെ.നായനാർ പാർക്കിലാണു പരിപാടി. സപ്ലൈകോ സബ്സിഡി-സബ്സിഡി ഇതര ഉൽപ്പന്നങ്ങൾക്കു പുറമെ കൈത്തറി, കുടുംബശ്രീ, മിൽമ ഉൽപ്പന്നങ്ങളും പച്ചക്കറിയും വിവിധ സ്റ്റാളുകളിൽ ലഭ്യമാവും.

**&&&&&&&&&&&&&&&&&**

## V SIVANKUTTY-AIDED SCHOOL

എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് നിയമന സംവരണം ഉറപ്പാക്കാനുള്ള നടപടികൾ കേരള സർക്കാർ വേഗത്തിലാക്കിയതായി മന്ത്രി വി ശിവൻകുട്ടി. ഹൈക്കോടതി-സുപ്രീം കോടതി നിർദേശങ്ങൾക്കനുസരിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. നിയമനം നടത്താൻ സംസ്ഥാന-ജില്ലാതല സമിതികൾക്കു രൂപംനൽകിയെന്നും മന്ത്രി വ്യക്തമാക്കി.

**&&&&&&&&&&&&&&&&&**

## Amebic Meningoencephalitis

കേരളത്തിൽ ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തു. വയനാട് സ്വദേശിയായ യുവാവിനാണ് പുതുതായി രോഗം റിപ്പോർട്ട് ചെയ്തത്. ഇതോടെ നിലവിൽ മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ളവരുടെ എണ്ണം എട്ടായി. അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ ആരോഗ്യവകുപ്പ് പരിശോധന നടത്തി.

**&&&&&&&&&&&&&&&&&**

## SMART PROJECT

തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിനായി 'സ്മാർട്ട്' എന്ന പേരിൽ സംസ്ഥാന സാക്ഷരത മിഷൻ പുതിയ പദ്ധതി നടപ്പിലാക്കും. വയനാട് ജില്ലയിലാണ് പദ്ധതി ആദ്യം നടപ്പാക്കുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കണിയാമ്പറ്റ ജില്ലാ പഞ്ചായത്ത്

പരിശീലന കേന്ദ്രത്തിൽ നാളെ മന്ത്രി ഒ. ആർ. കേളു നിർവഹിക്കും.

**&&&&&&&&&&&&&&&&&**

## US OPEN TENNIS

യുഎസ് ഓപ്പൺ ടെന്നീസിന്റെ 145-ാം പതിപ്പിന് ഇന്ന് ന്യൂയോർക്കിൽ തുടക്കമാകും. ഇന്ത്യൻ സമയം രാത്രി 8.30ന് ആദ്യ റൗണ്ട് മത്സരങ്ങൾക്ക് തുടക്കമാകും. വനിതാ വിഭാഗത്തിൽ ലോക ഒന്നാം നമ്പർ താരം ഇഗ സ്വിയാറ്റെക് ആദ്യ മത്സരത്തിന് ഇന്നിറങ്ങും.

**&&&&&&&&&&&&&&&&&**

## SPORTS-SHOOTING

കസാഖിസ്ഥാനിൽ നടക്കുന്ന പതിനാറാമത് ഏഷ്യൻ ഷൂട്ടിങ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ഐശ്വര്യ് പ്രതാപ് സിങ് തോമറിന് സ്വർണം. 50 മീറ്റർ റൈഫിൾ വിഭാഗത്തിൽ, 462.5 പോയിന്റ് കരസ്ഥമാക്കിയാണ് ഐശ്വര്യ് സ്വർണം നേടിയത്. 50 മീറ്റർ ടീം വിഭാഗത്തിലും ഇന്ത്യൻ സഖ്യം സ്വർണനേട്ടത്തിലെത്തി.

**&&&&&&&&&&&&&&&&&**

## CRICKET - PUJARA RETIREMENT

ഇന്ത്യൻ ക്രിക്കറ്റ് താരം ചേതേശ്വർ പുജാര വിരമിച്ചു. ക്രിക്കറ്റിന്റെ എല്ലാ ഫോർമാറ്റിൽനിന്നും വിരമിക്കുന്നതായി 37-ാം വയസിൽ താരം അറിയിക്കുകയായിരുന്നു. ടെസ്റ്റിൽ ഇന്ത്യയുടെ വിശ്വസ്തനായ മൂന്നാം നമ്പർ ബാറ്ററായിരുന്നു

പുജാര. 103 ടെസ്റ്റും 5 ഏകദിനങ്ങളും ഇന്ത്യക്കായി കളിച്ച താരം 19 ടെസ്റ്റ് സെഞ്ചുറി നേടിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## KCL

കേരള ക്രിക്കറ്റ് ലീഗിൽ ഇന്നത്തെ മത്സരത്തിൽ ട്രിവാൻഡ്രം റോയൽസിനെതിരെ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിന് വിജയം. രണ്ടാം മത്സരം കൊച്ചി ബ്ലൂ ടൈഗേഴ്സും കൊല്ലം സെയ്ലേഴ്സും തമ്മിലാണ്.

&&&&&&&&&&&&&&&&&

## BIHAR - FLASH FLOODS

ബിഹാറിലെ, ഫൽഗു, ലോകായിൻ നദികളിൽ ജലനിരപ്പ് അപ്രതീക്ഷിതമായി ഉയർന്നതിനെത്തുടർന്ന് വിവിധ ജില്ലകളിൽ പ്രളയ സമാന സാഹചര്യം. ഝാർഖണ്ഡിൽനിന്ന് ഫൽഗു നദിയിലേക്ക് വലിയ അളവിൽ വെള്ളം തുറന്നുവിട്ടതാണ് ജലനിരപ്പ് ഉയരാൻ കാരണം. നാളന്ദ, ജെഹാനാബാദ്, ഗയ ജില്ലകളെയാണ് ഇത് പ്രധാനമായും ബാധിച്ചത്. നിരവധി വീടുകൾക്കും വിളകൾക്കും നാശനഷ്ടം സംഭവിച്ചു. ഗതാഗതം തടസ്സപ്പെട്ടു. ഒൻപത് ഇടങ്ങളിൽ തടയണകൾക്ക് കേടുപാടുകൾ സംഭവിച്ചു.

&&&&&&&&&&&&&&&&&

## RAJASTHAN - FLOOD

രാജസ്ഥാനിൽ, അതിശക്തമായ മഴയെത്തുടർന്ന് വിവിധയിടങ്ങളിൽ വലിയ തോതിൽ വെള്ളംകയറി. കോട്ട, ബൂന്ദി, ടോങ്ക്, സവായ് മാധോപുർ, ബാരാൻ ജില്ലകളിൽ മഴക്കെടുതി

രൂക്ഷമാണ്. സവായ് മാധോപുർ സ്റ്റേഷനിൽ വെള്ളം കയറിയതിനാൽ റെയിൽ ഗതാഗതം തടസ്സപ്പെട്ടു. കോട്ടയിലെ ഡൽഹി-മുംബൈ അതിവേഗപാതയിലും ഗതാഗതം നിരോധിച്ചു.

**&&&&&&&&&&&&&&&&&**

## PUNJAB-LPG TANKER BLAST

പഞ്ചാബിലെ ഹോഷിയാർപുരിൽ എൽപിജി ടാങ്കർ സ്ഫോടനത്തിൽ മരിച്ചവരുടെ എണ്ണം ഏഴായി. എൽപിജി ടാങ്കറിൽ കാർ ഇടിച്ചതിനെത്തുടർന്നുണ്ടായ വാതക ചോർച്ചയാണു സ്ഫോടനത്തിന് കാരണമായത്.

**&&&&&&&&&&&&&&&&&**

## KITE - AVGC

രാജ്യത്താദ്യമായി അനിമേഷൻ, വിഷ്വൽ എഫക്ട്സ്, ഗെയിമിംഗ്, കോമിക്സ് സാങ്കതികവിദ്യകൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി കേരളം. കൈറ്റ് തയ്യാറാക്കിയ പുതുക്കിയ ഐ.സി.ടി. പാഠപുസ്തകങ്ങളിലാണ് എ.വി.ജി.സി. ഉള്ളടക്കം ഉൾപ്പെടുത്തിയിട്ടുള്ളത്.

**&&&&&&&&&&&&&&&&&**

## CENTRAL VISIT TEAM

കുട്ടനാട്ടിലെ കർഷകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി കേന്ദ്ര ഫിഷറീസ് വിദഗ്ദസംഘം ആലപ്പുഴ ജില്ലയിലെ കാർഷിക മേഖലകൾ സന്ദർശിച്ചു. മത്സ്യക്കൃഷിയുടെ സാധ്യതകൾ സംഘം പരിശോധിക്കും.

&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&

&&